**പതിമൂന്നാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**

**നിയമസഭാ ചോദ്യം നമ്പർ : 3620** **30.01.2014-ൽ മറുപടിക്ക്.**

## പോലീസ് സേനയെ ശക്തിപ്പെടുത്തൽ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. തോമസ് ഉണ്ണിയാടൻ<br>ശ്രീ.മോൻസ് ജോസഫ്<br>ശ്രീ. റ്റി.യു. കുരുവിള<br>ശ്രീ. സി.എഫ്. തോമസ് | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| എ) പോലീസ് സേനയെ ശക്തിപ്പെടുത്താനും നവീകരിക്കാനും എന്തെല്ലാം പുതിയ നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്ന് വ്യക്തമാക്കുമോ; | : എ) പോലീസ് സേനയെ നവീകരിക്കുന്നതിനായി കേന്ദ്ര സഹായത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന ഒരു പദ്ധതിയാണ് മോഡണൈസേഷൻ ഓഫ് പോലീസ് ഫോഴ്സസ് സ്കീം. പ്രസ്തുത പദ്ധതിയിലൂടെ ലഭിക്കുന്ന ധനസഹായം ഉപയോഗപ്പെടുത്തി, പോലീസ് സ്റ്റേഷൻ, മറ്റ് പോലീസ് ഓഫീസുകൾ എന്നിവയ്ക്ക് ആവശ്യമായ കെട്ടിടങ്ങളുടെയും, അപ്പർ, ലോവർ സബോർഡിനേറ്റ് ക്വാർട്ടേഴ്സുകളുടെ നിർമ്മാണം എന്നിവയ്ക്കും, ഓപ്പറേഷണൽ വെഹിക്കിളുകൾ, ആയുധങ്ങൾ, പോലീസ് സേനയ്ക്ക് ആവശ്യമായ സെക്യൂരിറ്റി ഉപകരണങ്ങൾ, ട്രാഫിക് ഉപകരണങ്ങൾ, സുരക്ഷിത ഉപകരണങ്ങൾ, കമ്മ്യൂണിക്കേഷൻ ഉപകരണങ്ങൾ, ഫോറൻസിക്ക് ലബോറട്ടറിയ്ക്കാവശ്യമായ ആധുനിക ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. ജനങ്ങളുമായുള്ള സൗഹൃദം മെച്ചപ്പെടുത്തി കുറ്റാന്വേഷണം നടത്തുന്നതിന്റെ ഭാഗമായി രൂപവൽക്കരിച്ച ജനമൈത്രി സുരക്ഷാ പദ്ധതി 248 സ്റ്റേഷനുകളിൽ നടപ്പിൽ വരുത്തി. ഇതിൽ 148 സ്റ്റേഷനുകളിലേയ്ക്ക് 5 സിവിൽ പോലീസ് ഓഫീസർമാരുടെ വീതം അധിക തസ്തിക സൃഷ്ടിച്ചു. മുതിർന്ന പൗരന്മാരുടെ ആവശ്യങ്ങൾക്കായുള്ള സഹായ ഡെസ്കുകൾ, ICT (Information Communication Technology) എനേബിൾഡ് ഹെൽപ്പ് ഡെസ്കുകൾ എന്നിവ എല്ലാ സ്റ്റേഷനുകളിലും നടപ്പിൽ വരുത്തി. 300 സ്റ്റേഷനുകളിൽ വനിതാ സഹായഡെസ്കുകൾ സ്ഥാപിച്ചു. 50 സ്റ്റേഷനുകളിൽകൂടി പ്രസ്തുത ഹെൽപ്പ് ഡെസ്കുകൾ സ്ഥാപിക്കുന്നതിന് സത്വര നടപടികൾ സ്വീകരിച്ച് വരുന്നു. പോലീസ് വകുപ്പിന്റെ ഭരണനിർവ്വഹണ വിഭാഗം ഏറെക്കുറെ IAPS (Internal Administrative Processing System) പദ്ധതിയിലൂടെ കമ്പ്യൂട്ടർവൽക്കരിക്കപ്പെട്ടു. |

| | |
|---|---|
| ബി) രാത്രികാല പട്രോളിംഗ് ഉൾപ്പെടെ പോലീസിന്റെ സേവനം ശക്തമാക്കുന്നതിനും അവരുടെ ജോലിഭാരത്തിന് അനുസരിച്ച് അർഹമായ സൗകര്യങ്ങൾ നൽകുന്നതിനും നടപടികൾ ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കാമോ? | ബി) രാത്രികാല പട്രോളിംഗ് ഉൾപ്പെടെ പോലീസിന്റെ സേവനം ശക്തമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനായി വാഹനങ്ങളും, ആധുനിക വയർലെസ് സെറ്റുകളും, ടോർച്ച് ലൈറ്റുകളും മറ്റും വാങ്ങി നൽകിയിട്ടുണ്ട്. പോലീസിന്റെ ജോലിഭാരത്തിനനുസരിച്ചുള്ള സൗകര്യങ്ങൾ നൽകുന്നുണ്ട്. വിശ്രമമുറികളും, ഡോർമെറ്ററികളും നിർമ്മിച്ചിട്ടുണ്ട്. പോലീസ് സ്റ്റേഷൻ സംബന്ധമായ ജോലി ഭാരം കുറയ്ക്കുന്നതിനായി കമ്പ്യൂട്ടറുകൾ വാങ്ങി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ